കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പിരായിരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

E-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി.17-835/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്,

തീയതി: 20.07.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പിരായിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- പിരായിരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി.17-835/2019 തിയ്യതി:20-07-2019

## പാലക്കാട് ജില്ലയില പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 8.6.2017മുതൽ 17.5.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-5-2019മുതൽ 27-5-2019വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ | പേര് | ഉദ്യോഗപ്പേര് |
|---|---|---|

| | | |
|---|---|---|
| നം | | |
| 1 | ശ്രീമതി.പി.ജി. ബിന്ദു | ഓഡിറ്റ്ഓഫീസർ |
| 3 | ശ്രീമതി.യു.പ്രീത | അസി.ഓഡിറ്റ്ഓഫീസർ |
| 2 | ശ്രീമതി .സുസ്മിത.കെ.വി | അസി.ഓഡിറ്റ്ഓഫീസർ |
| 4 | ശ്രീമതി.രമാദേവി.കെ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

<u>(ബി) നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.കല്യാണി | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ. അബ്ദുൾ നാസർ | 1-4-2017 മുതൽ 16-6-2017 FN |
| സെക്രട്ടറി | ശ്രീ.എം.ജി.ജോയ്സൺ | 16-6-2017 AN മുതൽ 31-3-2018 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. നഫീസ.എം | 1-4-2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ - 1 | കൃഷ്ണപ്രിയ | 1-4-2017മുതൽ 10.10.2017വരെ |
| | ശിവപ്രസാദ്.കെ | 11-10-2017മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സുജാത.കെ | 1-4-2017മുതൽ 8-9-2017 FN വരെ |
| | ധനലക്ഷ്മി.എ..കെ | 8-9-2017AN മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീലക്ഷ്മി.എം.ജി | 1-4-2017 മുതൽ 30-06-2017 FN |

| | | |
|---|---|---|
| | | വരെ |
| | ശ്രീമതി. ജയശ്രീ.എം | 30-06-2017 ANമുതൽ 22.10.17 വരെ |
| | ശ്രീ.പി.എം. ദേവപ്രസാദ് | 23.10.17 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.അതിഥി .ആർ | 1-4-2017 മുതൽ 1-8-2017 വരെ |
| | ഡോ. ലീ മോഹൻ | 2.8.17 മുതൽ 1.9.17 വരെ |
| | ഡോ. വിവേക്.എസ് | 2.9.17 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.എം.സ്മിത | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.സിനി.എബ്രഹാം | 1-4-2017 മുതൽ 31-3-2018 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ജസ്റ്റിൻ ധരവിയം | 1-4-2017 മുതൽ 30.6.17 വരെ |
| | ഡോ.റെഷിൻ. പി.എം | 1-7-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.ഗീത. പി | 1-4-2017 മുതൽ മുതൽ 2-6-17 (2-6-17 മുതൽ 26.7.17 വരെ ഒഴിവ്) |
| | ശ്രീ. തോമസ് വർഗീസ് | 27.7.17 മുതൽ 31-3-18 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.സുമ. എസ്.എൽ | 1-4-2017 മുതൽ 30-11-17 വരെ |
| | 1.12.17 - 13.12.17 | ഒഴിവ് |
| | | |

| | | |
|---|---|---|
| | ശ്രീമതി. ചിത്ര.എം.പി | 14.12.17 മുതൽ 23.1.18 വരെ (24.01.18 മുതൽ 15.02.18 ഒഴിവ്) |
| | ശ്രീ.മോഹൻദാസ്. ജി | 16.2.17 മുതൽ 31.3.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.എൻ.ബിന്ദു | 1-4-2017 മുതൽ 31-3-2018 വരെ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

22.3.17തീയതിയിലെ 1തീരുമാനപ്രകാരം അംഗീകരിച്ചു.

വരവ് - 218021200

ചെലവ് - 217366700

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-18 | 12.6.18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 3.7.18 | 21/1904( ) തിയതി 29.8.18 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12635970 |
| വരവ് | 79745556 |
| ആകെ | 92381526 |
| ചെലവ് | 81530598 |
| നീക്കിയിരിപ്പ് | 10850928 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 21949000 | 21949000 | 15444477 | 6504523 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8208984 | 8208984 | 5310966 | 2898018 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8824000 | 8824000 | 8782117 | 41883 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4821000 | 4821000 | 4773681 | 47319 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10309015 | 10309015 | 9911185 | 397830 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | 0 | 599885 | 599885 | 569052 | 30833 |
| സാക്ഷരത | 5224 | 131811 | 137035 | 115 | 136920 |
| ജലനിധി | 80473 | 0 | 80473 | 0 | 80473 |
| എം.ജി.എൻ. | | | | | |

| | | | | | | |
|---|---|---|---|---|---|---|
| .ആർ.ഇ. ജി.എസ് | അഡ്മിനി സ്റ്റേറ്റീവ് ചെലവ് | 8343 | 958373 | 966716 | 956241 | 10475 |
| | തൊഴി ലാളികളുടെ കൂലി | 0 | 16665876 | 16665876 | 16665876 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് - ബ്ലോക്ക് പഞ്ചായത്ത് | | 0 | 1485000 | 1485000 | 1485000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് - ജില്ല പഞ്ചായത്ത് | | 0 | 2723740 | 2723740 | 50000 | 2673740 |
| ബി ഫണ്ട് | | 0 | 1060480 | 1060480 | 1060480 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റിനം (TSB A/C) | | 4972366 | 14918585 | 19890951 | 18060832 | 1830119 |
| തനത് ഫണ്ട് (SBI, PSC bank, PDC benk)) | | 7430363 | 14829230 | 22259593 | 13915287 | 8344306 |

Note - * - ട്രഷറി ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ നിന്നും സർക്കാർ നേരിട്ട് പിൻവലിച്ച തുകയും (Redemption) ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല. 2451366/- രൂപ പ്രസ്തുത അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ചതിനാൽ 222374/- രൂപ മാത്രമാണ് അക്കൗണ്ട് ബാലൻസായി നിലവിലുള്ളത് (Trial balance, R& P എന്നിവയിൽ )

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നട പ്പാക്കി യത് | പദ്ധതി ചെലവ് | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജ ക്ടുകളുടെ ശത മാനം |
|---|---|---|---|---|---|
| 233 | 90975123 | 142 | 48085241 | 91 | 61 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നി രിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8343 | 958373 | 966716 | 956241 | 10475 |
| ഗുണഭോ ക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16665876 | 16665876 | 16665876 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 165480 | 314 |
| കർഷകതൊഴിലാളി പെൻഷൻ | 6559100 | 2255 |
| വിധവാപെൻഷൻ | 17727400 | 5750 |
| വാർദ്ധക്യകാലപെൻഷൻ | 29004300 | 8346 |
| വികലാംഗ പെൻഷൻ | 4410800 | 1397 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർ | 769200 | 132 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-5-2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35,693/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-10 ആഭ്യന്തരനിയന്ത്രണം

- ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിച്ചിട്ടുണ്ട്.
- പദ്ധതി രൂപീകരണത്തിന് സഹായകമാകും വിധം വിവിധ മേഖലകളിലെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
- തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, മെയ് ന്റനൻസ് രജിസ്റ്റർ, തെരുവ് വിളക്ക് സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല.
- സ്റ്റോക്ക് രജിസ്റ്ററുകളിൽ ആസ്തിയുടെ മൂല്യം ചേർക്കുന്നില്ല.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ08.11.2010 പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവനുസരിച്ച് സാമഗ്രികളുടെ വാർഷിക ആവശ്യകത കണക്കാക്കി സമഗ്രമായ ഒരു സമാഹരണ പദ്ധതി പ്രൊക്യൂർമെന്റ് ടീം തയ്യാറാക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് ടീം ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വസ്തു നികുതി: തൻവർഷ ബാലൻസ് തുകകൾ, അരിയർ ഡിമാന്റ്, അരിയർ ബാലൻസ് തുകകൾ എന്നിവ സാംഖ്യയിലും സഞ്ചയയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.
- താഴെ പറയുന്ന നികുതി: നികുതിയേതര വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല.
  1) തൊഴിൽനികുതി
  2)ബിൽഡിംഗ് പെർമിറ്റ്
  3) ഡി&ഒ ലൈസൻസ്
  4)വെള്ളക്കരം
- തനത് ഫണ്ടിനോടൊപ്പം നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
- പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-4-19 | 3/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.3.2011-15.3.11 | 2005-06 – 2009-10 | LB (H.Q)8a-718/318/ 18.4.2011 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ഡി& ഓ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം എഴുതിയിട്ടുള്ളതും,തൊഴിൽ നികുതി റിട്ടേൺസ്, രജിസ്റ്റർ എന്നിവയിലെ വിവരങ്ങളുമായി താരതമ്യം ചെയ്യുകയുണ്ടായി. രജിസ്റ്റർ അനുസരിച്ച് ഒന്നിലധികം ജോലിക്കാരുള്ള സ്ഥാപനങ്ങളുടെ ഉടമകളിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന ഉടമ | ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | എൻ.വി. ഫൂഡ്സ്, | ആഷ. എസ്, | നാല് |
| 2 | അസോസിയോഷൻ ഓഫ് ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്-ട്യൂട്ടോറിയൽ | നസീർ | എട്ട് |
| 3 | മിനി മാർക്കറ്റ് | ടി.എ.അബ്ദുൾ ലത്തീഫ് | അഞ്ച് |
| 4 | ഗ്രാന്റ് എക്സ്പ്രെസ്സ് സർവീസ് | ഫസീല | ആറ് |
| 5 | പനസം ഫുഡ്സ് | ഗായത്രി രമേഷ് | മൂന്ന് |
| 6 | ബിസി ഇമ്പെക്സ് (റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ്) | നജ്മ | പത്ത് |

സ്ഥാപന ഉടമ കൂടാതെ മറ്റ് ജീവനക്കാർ ഉള്ള സ്ഥാപനങ്ങളിലെ ജീവനക്കാരെ കൂടി ഉൾപ്പെടുത്തിയുള്ള റിട്ടേണ്സ് സമർപ്പിക്കാൻ ആവശ്യപ്പെടുകയും,റിട്ടേണ്സ് അനുസരിച്ച് ജീവനക്കാരിൽ നിന്നു കൂടി തൊഴിൽ നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും കൂടി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് ഇതേക്കുറിച്ചുള്ള എൻക്വയറിയ്ക്ക് (15/ .5.19)മറുപടി ലഭിച്ചു.

# 2-2 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിലുള്ളതും തൊഴിൽ നികുതി പരിധിയിൽ വരുന്നതുമായ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത, പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ കാര്യക്ഷമത എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു. സ്ഥാപന രജിസ്റ്റർ, തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി പത്രികകൾ, ഡി&ഒ ലൈസൻസ് രജിസ്റ്റർ എന്നീ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. പിരായിരി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടില്ല. ഓരോ അർദ്ധവർഷവും തുക അടവാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുകയോ സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

2. ദിവസവേതന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ദിവസവേതന ഡ്രൈവർ ശ്രീ.റഫീഖ്, കല്യാണമണ്ഡപം സ്വീപ്പർ ശ്രീമതി. ചന്ദ്രിക , കല്യാണമണ്ഡപം വാച്ചർ ശ്രീ. സക്കറിയ എന്നിവരിൽ നിന്നും 2017-18 ൽ തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല.

എ) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽനികുതി പത്രികകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജീവനക്കാരുടെ നികുതി മാത്രമാണ് ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ക്ഷീരവ്യവസായ സഹകരണസംഘം | 1&2 |
| 2 | കോണ്ടിനന്റൽ കാർസ് | 1&2 |
| 3 | Able Scoobikes | 2 nd |
| 4 | കേരള ഗ്രാമീൺ ബാങ്ക് | 1&2 |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് | 1&2 |
| 6 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് | 1&2 |

| | | |
|---|---|---|
| | (Ltd) | |
| 7 | ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് | " |
| 8 | ഇൻഡ്യൻ ബാങ്ക് | " |
| 9 | ഗ്രാന്റ് ഹ്യണ്ടായ് | " |
| 10 | അമൃതം ഫുഡ് പ്രൊഡക്ഷൻ യൂണിറ്റ് | " |

<u>ബി) അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

എൽ.എസ്.ജി.ഡി സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2017-18 വർഷത്തിൽ ഏറ്റെടുത്തതും 2016-17 വർഷത്തെ സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പെടെയുമായി വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കരാറുകാർ പഞ്ചായത്തു പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

കരാറുകാർ 2017-18 വർഷത്തിൽ കരാറിലേർപ്പെട്ട പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാർ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | കെ. രവീന്ദ്രൻ | 45 |
| 2 | ചന്ദ്രൻ.ടി | 15 |
| 3 | പീതാംബരൻ.ആർ | 19 |
| 4 | വി.കെ.ചാമി | 15 |
| 5 | എ.മോഹൻദാസ് | 14 |
| 6 | അഖില മുഹമ്മദ് | 2 |
| 7 | അനന്ത കൃഷ്ണൻ | 10 |
| 8 | കെ.രമണൻ | 2 |
| 9 | വി.എസ്. സുരേഷ്കുമാർ | 5 |

കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>സി) സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്</u>

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് അടങ്ങിയ സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിനോടൊപ്പം സ്ഥാപനങ്ങളുടെ ലിസ്റ്റ് മാത്രമാണ് ചേർത്തിട്ടുള്ളത്. നിശ്ചിത മാതൃകയിൽ സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

<u>ഡി) റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്</u>

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. റേഷൻകടകളുടെ വിവരങ്ങൾ ശേഖരിക്കേണ്ടതും റേഷൻ വ്യപാരികളിൽ നിന്നും തൊഴിൽനികുതി നിയമാനുസൃതം ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം.8, തിയ്യതി-24-5-2019 നുള്ള മറുപടിയിൽ തൊഴിൽനികുതി ഈടാക്കുന്നതിനും സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 വസ്തു നികുതി പുനർനിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പിരായിരി ഗ്രാമപഞ്ചായത്തിലെ വാർഡ് 20ൽ പ്രവർത്തിക്കുന്ന മാംഗോ കൗണ്ടി റിസോർട്ട് എന്ന സ്ഥാപനത്തിന്റ വസ്തു നികുതി നിർണയം പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ താഴെ ചേർക്കുന്നു .

1.ശ്രീ.സേതുമാധവൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള രണ്ട് കെട്ടിടങ്ങളാണ് മാങ്കോ കൗണ്ടി എന്ന സ്ഥാപനത്തിന്റേതായി കാണിച്ചിട്ടുള്ളത്- 20/593, 20/592

2.20/593, 20/592 എന്നീ രണ്ടു കെട്ടിടങ്ങളും വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ, ഗോഡൗൺ, റെസ്റ്റോറന്റ് എന്ന് ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് . ഈ വിഭാഗം കെട്ടിടത്തിന് ഒരു ച.മീ.ന് 40 രൂപയാണ് അടിസ്ഥാന നികുതി നിരക്ക്

| വിവരണം | നിരക്ക് | 20/592 | 20/593 |
|---|---|---|---|
| കെട്ടിടത്തിന്റെ ഉപയോഗം | | വാണിജ്യാ വശ്യത്തിനുള്ള 100 ച.മീ. വരെയുള്ള ഹോട്ടൽ | വാണിജ്യാ വശ്യത്തിനുള്ള 100 ച.മീ. വരെയുള്ള ഹോട്ടൽ |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | | 9 ച.മീ | 8 ച.മീ |
| അടിസ്ഥാനവസ്തു നികുതി നിരക്ക് | 40 രൂപ | 40 | 40 |
| അടിസ്ഥാന നികുതി | | 360 | 320 |
| ഇളവുകൾ | | | |
| മേഖല | ദ്വിതീയം -10% ഇളവ് * | 10% ഇളവ്-36 രൂപ | 20% ഇളവ്-64രൂപ (ത്രിതീയം) |
| വർദ്ധനവ് | | | |
| എയർകണ്ടീഷനിങ്ങ് | 10 % വർദ്ധനവ്* | 36 രൂപ | 32 രൂപ |
| വാർഷിക വസ്തു നികുതി(വർദ്ധനവ്, ഇളവ് നല്കിയതിനുശേഷം | | 360 | 288 |
| ഗ്രന്ഥശാലാ വരി | 5% | 18 | 15 |
| ആകെ | | 378 | 303 |

സ്ഥാപനം പ്രവർത്തിക്കുന്നത് റിസോർട്ട് ആയാണ്, റിസോർട്ടിന്റെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഒരു ച.മീ.ന് 90 രൂപയാണ് .

3.മാങ്കോ കൗണ്ടി റിസോർട്ടിന്റെ വെബ്സൈറ്റ് (mangocountyresort,pirayiri,kerala-google search)പരിശോധിച്ചതിൽ നിന്നും ടി സ്ഥാപനത്തിൽ രണ്ടിൽ കൂടുതൽ കെട്ടിടങ്ങൾ ഉള്ളതായി വ്യക്തമായി . റെസറ്റോറന്റ് , വില്ലകൾ,സ്വിമ്മിങ്ങ് പൂൾ, മീറ്റിങ് ഹാൾ തുടങ്ങിയ സൗകര്യങ്ങളും നിലവിലുണ്ട്. ഇവയൊന്നും വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

4. പഞ്ചായത്തിൽ നിന്നും നികുതി നിർണയിച്ച കെട്ടിടങ്ങൾ കൂടാതെ, ഈ സ്ഥാപനത്തിൽ പിന്നീട് നിർമിച്ച് ചേർത്തിട്ടുള്ള മറ്റ് കെട്ടിടങ്ങൾക്ക് പെർമിറ്റ് എടുത്തിട്ടുണ്ടോ എന്നതും പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.പെർമിറ്റില്ലാതെയാണ് നിർമാണം നടത്തിയിരിക്കുന്നതെങ്കിൽ കെ.പി.ബി.ആർ നിയമപ്രകാരം ക്രമവൽക്കരിച്ച് നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്തിന് വസ്തു നികുതിയിനത്തിലുള്ള വരവ് കൃത്യമായി നിർണയിക്കുന്നതിനായി സ്ഥാപനം നേരിൽ പരിശോധിച്ച് കെട്ടിടങ്ങളുടെ എണ്ണം, അളവ് (വിസ്തൃതി) എന്നിവ തിട്ടപ്പെടുത്തി, കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ചുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തുകയും നികുതി പുനർനിർണയിച്ച് ഈടാക്കുകയും ചെയ്യേണ്ടതാണ്.(എൻക്വയറി 14/ .5.19)
സ്ഥാപനം നേരിൽ പരിശോധിച്ച് കെട്ടിട നികുതി നിർണയം പുതുക്കുകയും,നികുതി ചുമത്താത്ത എല്ലാ കെട്ടിടങ്ങളെയും നിയമാനുസൃത നികുതിയുടെ പരിധിയിലുൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ് എന്ന് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടുണ്ട്.

# 2-4 വസ്തു നികുതി-കുടിശ്ശിക ഈടാക്കേണ്ടതാണ്

2017-18 വാർഷിക കണക്ക് അനുസരിച്ച് വസ്തു നികുതിയിനത്തിൽ 28 ലക്ഷം രൂപയിലധികം കുടിശ്ശികയുണ്ട്.ഇതിൽ (മൊബൈൽ ടവറുകളുടേതുൾപ്പടെ) ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക (31-03-2018വരെ) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | വാർഡിന്റെ പേര് | ടവറിന്റെ ഉടമ | ഈടാക്കേണ്ട വാർഷിക വസ്തു നികുതി | വസ്തുനികുതി കുടിശ്ശിക (31-03-2018 വരെ) |
|---|---|---|---|---|---|
| 1 | 3/573 | ആന്ത്രാംകുന്ന് | ടവർ വിഷൻ ഇന്ത്യ ലിമിറ്റഡ് , കൊച്ചി | 1470 | 5580(2014-15 മുതൽ 2017-18 വരെ) |

| | | | | | |
|---|---|---|---|---|---|
| 2 | 14/551 | കുണ്ടുകാട് | സമൽകുമാർ, ഐഡിയ മൊബൈൽ ടവർ, തരവത്ത്പടി | 5513 | 27565 (2013-14 മുതൽ 2017-18 വരെ) |
| 3 | 14/647 | കുണ്ടുകാട് | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്, മാറാട് പി.ഒ, കുണ്ടന്നൂർ, എറണാകുളം | 525 | 2625 (2013-14 മുതൽ 2017-18 വരെ) |
| 4 | 15/607 | കൊടുന്തിരപ്പുള്ളി | വോഡഫോൺ എസ്സാർ സെല്ലുലർ ലിമിറ്റഡ് | 10500 | 52500 (2013-14 മുതൽ 2017-18വരെ) |
| 5 | 21/350 | മേലതി | എം എസ് റിലയൻസ് കമ്മ്യൂണി ക്കേഷൻ ലിമിറ്റഡ് | 5670 | 34020 (2012-13 മുതൽ 2017-18 വരെ) |

മേൽ പറഞ്ഞ ടവറുകളുടെ വസ്തുനികുതി 122290/- രൂപ, കുടിശ്ശിക സഹിതം ഡിമാന്റ് ചെയ്ത് എത്രയും പെട്ടെന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 2-5 നിയമാനുസൃത നിരക്കിൽ പെർമിറ്റ് ഫീ ഈടാക്കേണ്ടതാണ്.

പിരായിരി ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, അപേക്ഷകൾ ഇവ പരിശോധിച്ചതിൽ നിന്നും പെർമിറ്റ് ഫീ ഈടാക്കിയതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

കേരള പഞ്ചായത്ത് ബിൽഡിങ്ങ് റൂൾസ് അനുസരിച്ച് പിരായിരി ഗ്രാമപഞ്ചായത്ത് കാറ്റഗറി II –ൽ ഉൾപ്പെട്ട പഞ്ചായത്താണ്. കാറ്റഗറി II പഞ്ചായത്തിൽ ഗാർഹിക കെട്ടിടത്തിന് 3/ചതുരശ്ര മീറ്റർ, വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 5/ച.മീറ്റർ എന്നിങ്ങനെയാണ് പെർമിറ്റ് ഫീസ്. പിരായിരി പഞ്ചായത്തിൽ ഗാർഹിക കെട്ടിടങ്ങൾക്ക് 5രൂപ/ച.മി, ഗാർഹികേതര ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 10 രൂപ/ച.മീ എന്ന നിരക്കിൽ പെർമിറ്റ് ഫീയും, ക്രമവൽക്കരണത്തിനും മേൽസൂചിപ്പിച്ച നിരക്കുകളുടെ ഇരട്ടി

തുകയുമാണ് ഈടാക്കി വന്നിരുന്നത്. 2017-18 വർഷത്തിൽ ലഭിച്ച ചില പെർമിറ്റ് അപേക്ഷകളിൽ വ്യത്യസ്ത നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നത്.

2017-18 ൽ ഓഗസ്ററിൽ സങ്കേതം സോഫ്റ്റ് വെയർ മുഖേന അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയപ്പോൾ മുതലാണ് കെ.പി.ബി.ആർ പ്രകാരമുള്ള നിരക്ക് ഈടാക്കിയിട്ടുള്ളത്. സങ്കേതം സോഫ്റ്റ്വെയറിനു ശേഷവും ചില അപേക്ഷകളിൽ ക്രമപ്രകാരമല്ലാത്ത ഫീസ് ഈടാക്കിയിട്ടുണ്ട്.

| അപേക്ഷ നമ്പർ, തിയതി | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ) | ഈടാക്കേണ്ട പെർമിറ്റ് ഫീ | ഈടാക്കിയ പെർമിറ്റ് ഫീ | റിമാർക്സ് |
|---|---|---|---|---|---|
| 131/18,5.1.18 | നസീമ, പിരായിരി | 66.25 (ഗാർഹികം) | 198.75 | 147 | 51.75 കുറവ് |
| 243/18, 10.1.18 | ലാവണ്യ ലത കണ്ണോട്ടുകാവ് | 57.95 (വാണിജ്യം, ക്രമവൽക്കരണം) | 579.5 | 530 | 49.5 കുറവ് |
| 706/18, 31.1.18 | ഫാറൂഖ് &ഷംന, പിരായിരി | 360.13 (ഗാർഹികം) | 1080.39 | 428 | 652.39 കുറവ് |
| 7009/17, 4.11.17 | ചന്ദ്രൻ, തരുവക്കോട് | 53 (വാണിജ്യം, ക്രമവൽക്കരണം) | 530 | 265 | 265 കുറവ് |
| 574/18, 25.1.18 | ശിവദാസ് , അത്താലൂർ | 76.70 (ഗാർഹികം) | 230.1 | 593 | 362.9 അധികം |
| 905/18, 7.2.18 | വിനോദ് ജയരാമൻ, കല്ലേക്കാട് | 475.26 (ഗാർഹികം) | 1425.78 | 2377 | 951.22 അധികം (3/m2 ന പകരം 5/m2 ഈടാക്കി) |
| 997/18,12.2.18 | ഷാജി , കല്ലേക്കാട് | 126.57 (ഗാർഹികം) | 379.71 | 633 | 253 അധികം (3/m2 ന പകരം |

| | | | | | |
|---|---|---|---|---|---|
| | | | | | 5/m2 ഈടാക്കി) |

നിയമാനുസൃത നിരക്കിൽ നിന്നും വ്യത്യസ്തമായി പെർമിറ്റ് ഫീ ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(എൻക്വയറി 12/ 25.5.19).ജോലിത്തിരക്കുമൂലം പിഴവ് സംഭവിച്ചതാണെന്നും, ഈയിനത്തിൽ കുറവു വന്ന തുകകൾ ഈടാക്കി അറിയിക്കുന്നതാണ് എന്ന് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടുണ്ട്.

# 2-6 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന് 24.9.16 ലെ 576/ഡി.സി.1/16, ത.സ്വ. ഭ.വ നമ്പർ സർക്കുലറിലൂടെ താഴെ ചേർത്തിട്ടുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് .

1.വിൽപന സാധനങ്ങൾ പ്ളാസ്റ്റിക് ക്യാരി ബാഗിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം .

2. വിൽപന സാധനങ്ങൾ 50മൈക്രോണിൽ കുറയാത്ത ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

3.ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000 രൂപ പ്ളാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി മേൽപ്രകാരം ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം , ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4. പ്ളാസ്റ്റിക് മാലിന്യത്തിന്റെ തോത് അനുസരിച്ച് കൂടുതൽ മാലിന്യ പരിപാലന ഫീസ് വ്യാപാരികളിൽ നിന്നും ഈടാക്കാവുന്നതാണ്.

5. പ്ളാസ്റ്റിക് ക്യാരി ബാഗുകൾക്ക് ഫീസ് ഈടാക്കുന്നതാണ് എന്നത് വളരെ വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6. പ്ലാസ്ററിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്

പിരായിരി ഗ്രാമ പഞ്ചായത്തിൽ പ്ളാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനായും, മാലിന്യ പരിപാലനം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികളെക്കുറിച്ച് എൻക്വയറി നൽകിയതിന് നിർദ്ദേശങ്ങൾ പരിഗണിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. (എൻക്വയറി നം.13/22.05.19) പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 2-7 വെള്ളക്കരം- കൃത്യമായ കണക്കുകൾ തയ്യാറാക്കേണ്ടതാണ്.

2017-18 വർഷത്തെ വെള്ളക്കരം രജിസ്റ്റർ എഴുതിയിട്ടില്ല . 2016-17 ലെ വരവ് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഉണ്ടെങ്കിലും ആകെ ഗുണഭോക്താക്കളുടെ എണ്ണം,ലഭിക്കാനുള്ള വെള്ളക്കരം എന്നിവയുടെ കാര്യത്തിൽ വ്യക്തത ഇല്ല. പൂടൂർ കുടിവെള്ള പദ്ധതിയിൽ നിന്നാണ് കുടിവെള്ളകണക്ഷനുകൾ നല്കിയിട്ടുള്ളത്. ആറ് വാർഡുകളിലായി 200-ഓളം കണ്ക്ഷനുകൾ ഉണ്ടെന്നാണ് പഞ്ചായത്തധികൃതർ അറിയിച്ചത്.വെള്ളക്കരം ഒടുക്കിയവരുടെ പേരു വിവരം ഉൾപ്പെടുത്തി തയ്യാറാക്കിയ ലിസ്റ്റ് മാത്രമാണ് ഗുണഭോക്താക്കളുടെ ആകെ ലഭ്യമായ വിവരം. പദ്ധതിയിൽ നിന്നും കണക്ഷൻ എടുത്തിട്ടുള്ളതും, വെള്ളക്കരം ഒടുക്കാത്തതുമായ ഗുണഭോക്താക്കളെ കണ്ടെത്തി കുടിശ്ശിക ഈടാക്കുന്നതിനായി നടപടിയെടുക്കേണ്ടതാണ്.(എൻക്വയറി 13/25.5.19)
വെള്ളക്കരം സംബന്ധിച്ച് എൻക്വയറിയ്ക്ക് ഗാർഗിക ഗാർഹികേതര കണക്ഷനുകളുടെ കണക്കുകൾ, കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്കുകൾ, രജിസ്റ്റർ എന്നിവ തയ്യാറാക്കി

വരുന്നുണ്ട് എന്നും ഇവ ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്നും എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടുണ്ട്.

# 2-8 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള, ഇ-ടെണ്ടർ നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി തുറന്നിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്. ബി. ഐ അക്കൗണ്ട് നം. 37365039166) 18.3.2019 ന് 85604/-രൂപ അവശേഷിക്കുന്നുണ്ട്. ഈ തുകയിൽ 33865/-രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ഉണ്ടായിരുന്ന 2015-16 മുതൽ കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില 11.06.2018ന് അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതാണ്. ഈ തുകയും ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കിയ മറ്റ് തുകകളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

പിരായിരി ഗ്രാമപഞ്ചായത്തിൽ മേലാമുറിസെക്ഷൻ, പറളിസെക്ഷൻ എന്നിങ്ങനെ രണ്ടു സെക്ഷനുകളിലായാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കുന്നത്. മേലാമുറി കെ.എസ്.ഇ.ബി യുടെ പരിധിയിൽ വരുന്ന തെരുവ് വിളക്കുകൾക്ക് മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

പറളി സെക്ഷനിൽ മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തുകയോ, കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രസ്തുത സെക്ഷനിൽ പ്രതിമാസം 41752/-രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കുന്നുണ്ട്. പറളി സെക്ഷനിലും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ അനുസരിച്ച്

ഗ്രാമപഞ്ചായത്തിൽ അവശ്യം തയ്യാറാക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1. തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ

2. പരാതി രജിസ്റ്റർ

3. സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ

4. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്

മേലാമുറി, പറളി സെക്ഷനുകളിൽ കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണിക്കായി തയ്യാറാക്കിയ കരാറിൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി നടത്തുന്നതിനായി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള പരാതി രജിസ്റ്ററിൽ പൊതുജനങ്ങൾ രേഖപ്പെടുത്തുന്ന പരാതികളുടെ അടിസ്ഥാനത്തിലും, പഞ്ചായത്ത് മെമ്പർമാരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും അറ്റകുറ്റപണി നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷം പരാതി രജിസ്റ്റർ തയ്യാറാക്കി കാണുന്നില്ല. വാർഷിക അറ്റകുറ്റപണിയുടെ ചെലവ്, തെരുവ് വിളക്ക് ആസ്തി രജിസ്റ്ററിലെ കണക്ക്, പരാതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവക്ക് അനുസൃതമാകേണ്ടതാണ്. സാമ്പത്തിക വർഷം തെരുവ് വിളക്ക് അറ്റകുറ്റപണിക്കായി തനത് ഫണ്ടിൽ നിന്ന് 450000/- രൂപ വകയിരുത്തി 262429/- രൂപ ചെലവഴിച്ചിട്ടുണ്ട്.

തെരുവ് വിളക്ക് സാമഗ്രികൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവയും സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ(സാധാ) നം.2238/2016/ ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കരാറനുസരിച്ച് കേടുവന്ന സാധന സാമഗ്രികൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്.

വാർഷിക കരാറനുസരിച്ച് താഴെ പറയുന്ന വ്യവസ്ഥകൾ കൂടി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1. കരാറുകാരൻ തങ്ങൾ റിപ്പയർ ചെയ്ത വിളക്കുകൾ ഘടിപ്പിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറുകൾ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.

2. ഏതൊക്കെ വാർഡുകളിലാണ് പണി നടക്കുന്നത് എന്നുള്ള വിവരം അതാത് ദിവസം തന്നെ പഞ്ചായത്തിലെ ബന്ധപ്പെട്ട സെക്ഷനിൽ നൽകേണ്ടതാണ്.

തെരുവ് വിളക്ക് പരിപാലനത്തിൽ ആയതിന്റെ ചുമതലയുള്ള വർക്കിങ്ങ് ഗ്രൂപ്പ് (ഊർജ്ജം), ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മറ്റി എന്നിവരുടെ ഇടപെടലുകൾ കാര്യക്ഷമമാക്കേണ്ടതുണ്ട്.

# 3-2 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതും ഗാർഹിക കണക്ഷനുകൾ അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം പരമാവധി കുറക്കേണ്ടതുമാണ്

കേരളാ വാട്ടർ അതോറിറ്റിയുടെ ഡിമാന്റനുസരിച്ച് നിലവിൽ 349 പൊതുടാപ്പുകൾക്ക് 152688/-രൂപ പ്രതിമാസം വെള്ളക്കരമിനത്തിൽ പഞ്ചായത്ത് ഒടുക്കുന്നുണ്ട്. പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കി ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. നിലവിലില്ലാത്ത ടാപ്പുകളുടേയും പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുടേയും കണക്ക് ലഭ്യമല്ല. സ.ഉ(ആർ.ടി) നം. 2242/2011/ത.സ്വ.ഭ.വ തിയതി 28-9-2011 പ്രകാരം പ്രവർത്തനക്ഷമമായതും കുടിവെള്ളലഭ്യത ഉള്ളതുമായ ടാപ്പുകളുടെ എണ്ണം ഉറപ്പുവരുത്തുന്നതിനായി വാട്ടർഅതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. തൻവർഷം പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനുമാത്രമായി 18,32,256/- രൂപ ചെലവ് വന്നിട്ടുണ്ട്. ആയത് ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്.

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് പ്രകാരം 2018 മാർച്ച് മാസം വരെ വെള്ളക്കരത്തിന്റെ കുടിശ്ശികയായി 49,08296/- രൂപയും പിഴയായി 96277/- രൂപയും വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കാനുള്ളതായി കാണുന്നു. കുടിശ്ശികതുക ഒടുക്കാതെ തൻമാസത്തെ തുകമാത്രം ഒടുക്കിവരികയാണ് ചെയ്തിട്ടുള്ളത്.

കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് കുടിശ്ശികയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

സ.ഉ (സാധാ) നം 1275/2009/ ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് വാട്ടർ അതോറിറ്റിയുമായി അടിയന്തിരമായി സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം നിജപ്പെടുത്തി ഉപയോഗിക്കുന്നവക്ക മാത്രമേ വെള്ളക്കരം അടവാക്കുന്നുള്ളൂ എന്ന് ഉറപ്പ വരുത്തേണ്ടതും, ഗാർഹിക കണക്ഷനുകൾ പരമാവധി അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം ഘട്ടംഘട്ടമായി കുറക്കേണ്ടതുമാണ് .

# 3-3 പൂടൂർ കുടിവെള്ളപദ്ധതി - നടത്തിപ്പ്

# കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്ന പൂട്ടൂർ കുടിവെള്ളപദ്ധതി 6 വാർഡുകളിലായി വ്യാപിച്ചു കിടക്കുന്നു. പ്രസ്തുത പദ്ധതിയിൽ 45 പൊതുടാപ്പുകൾ നിലവിലുണ്ട്. വെള്ളം ലഭ്യമാകുന്ന ടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ സ്കീമിന്റെ ഭാഗമായുള്ള ഗാർഹിക, ഗാർഹികേതര കണക്ഷനുകളുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ആയത് തയ്യാറാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം -2/17.05.19) പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം പദ്ധതിയുടെ നടത്തിപ്പ് ചെലവ് താഴെ ചേർക്കുന്നു.

| ഇനം | ചെലവ് |
|---|---|
| റിപ്പയർ | 29977 |
| വൈദ്യുതി ചാർജ്ജ് | 49216 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 67500 |
| ആകെ | 146693/- |

വാർഷിക കണക്ക് പ്രകാരം തൻവർഷത്തെ വെള്ളക്കരമിനത്തിലുള്ള വരവ് കുടിശ്ശികയടക്കം 23212/-രൂപ മാത്രമാണ്. വരുമാനം പരിമിതമായതിനാൽ പദ്ധതി നടത്തിപ്പ് പഞ്ചായത്തിന് അധിക ബാധ്യത സൃഷ്ടിക്കുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ഗാർഹിക, ഗാർഹികേതര കണക്ഷനുകളുടെ വിവരങ്ങൾ കൃത്യമായി തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഉപയോഗശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കാവുന്നതാണ്.

2. സ.ഉ (സാധാ) നം 1275/2009/ ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് ഗാർഹിക കണക്ഷനുകൾ

പരമാവധി അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം ഘട്ടംഘട്ടമായി കുറക്കേണ്ടതാണ് .

3. നിലവിൽ വെള്ളം ലഭ്യമാകുന്ന ടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. പദ്ധതി നടത്തിപ്പിൽ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന്റെ ഇടപെടൽ (കുടിവെള്ളം, ശുചിത്വം) കാര്യക്ഷമമമാകേണ്ടതാണ്.

# 3-4 ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന വിവിധ ഡെപ്പോസിറ്റ് പ്രവർത്തികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം | അടങ്കൽ | പ്രൊജക്റ്റ് | ബിൽ നം/ തീയതി | തുക | |
|---|---|---|---|---|---|---|
| 1 | 28/18 | 653885 | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 6/30.12.18<br>23/9.02.18 | 395452<br>154187 | KSEB, മേലാമുറി സെക്ഷൻ |
| 2 | 34/18 | 325000 | വിവിധ വാർഡുകളിലെ എസ്.സി കോളനികളിൽ വൈദ്യുതി ലൈൻ വലിച്ച് തെരുവ് | 24/9.02.18 | 234096 | ടി |

| | | | | | | |
|---|---|---|---|---|---|---|
| | | | വിളക്ക് സ്ഥാപിക്കൽ | | | |
| 3 | 27/18 | 500000 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 18/28.01.18 | 500000 | KWA, PH സെക്ഷൻ, പാലക്കാട് |
| 4 | 32/18 | 783500 | വിവിധ വാർഡുകളിലെ എസ്.സി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 17/22.01.18 | 783000 | ടി |

സ്ഥാപനങ്ങളുമായി ഏർപ്പെട്ട കരാറിൽ പ്രവർത്തി പൂർത്തീകരിച്ച് രണ്ടാഴ്ച്ചക്കകം ഫൈനൽ ബില്ലിന്റെ പകർപ്പ്, പ്രവർത്തന റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് മേൽ പദ്ധതികളുടെ ചെലവ് വിനിയോഗം, പൂർത്തീകരണ രേഖകൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്.

# 3-5 കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് – കന്നുകുട്ടി പരിപാലന പദ്ധതി -

പ്രൊജക്ട് നം. - 82/18

അടങ്കൽ - പ്ലാൻ - 312500

ഗുണഭോക്തൃവിഹിതം - 312500

ചെലവ് - ബിൽ നമ്പർ 4/17-18- 25.3.18 – 312500(Plan)

നിർവഹണം - വെറ്റിനറി സർജൻ

പദ്ധതി പ്രകാരം 25 ഗുണഭോക്താക്കൾക്ക് 12500 രൂപ നിരക്കിൽ പദ്ധതി ഫണ്ട് വകയിരുത്തുകയും തുക അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ്, പാലക്കാടിന് കൈമാറുകയും ചെയ്തിട്ടുണ്ട്. 4 മാസം പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പദ്ധതി തുക നൽകിയിട്ടുള്ളത്. പദ്ധതി പ്രകാരം 12500 രൂപ തീരുന്നതുവരെയോ

അല്ലെങ്കിൽ 28 മാസം തികയുന്നതു വരെയോ കാലിത്തീറ്റ വിതരണം ചെയ്യേണ്ടതാണ്. പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും ഗുണഭോക്താക്കൾക്ക് കൃത്യമായി കാലിത്തീറ്റ ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പദ്ധതി പൂർത്തീകരിച്ച ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും തുക ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

# 3-6 പി.എം.എ.വൈ പദ്ധതി - ചെലവ് വിനിയോഗം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

സാമ്പത്തിക വർഷം അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി പി.എം.എ.വൈ പദ്ധതിക്കായി (എസ്.സി.പി) വികസന ഫണ്ടിൽ നിന്നും 80000/- രൂപ ബിൽ നം - 6/13.09.17 മുഖേന ബി.ഡി.ഒ, പാലക്കാട് ബ്ലോക്കിന്റെ അക്കൗണ്ടിലേക്ക് (PNB, എടത്തറ) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

ചെലവ് വിനിയോഗം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ സമയബന്ധിതമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 ലൈഫ് പദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്

പ്രൊജക്ട് - ലൈഫ് പദ്ധതി (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) - 261/18

അടങ്കൽ - 1095460

ചെലവ് - 380000

ബിൽ നമ്പർ - 3/14.3.18 – 70000

4/14.3.18- 90000

5/15.318 – 20000

6/28.3.18- 200000

2017-18 വർഷത്തിൽ ലൈഫ് പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളിൽ നിന്നും സ്റ്റാമ്പ് പേപ്പർ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാർ ചമച്ചിട്ടില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള അപേക്ഷകളിലും, സ്റ്റേജ് സർട്ടിഫിക്കറ്റുകളിലും (ഫോർമാറ്റുകൾ) വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃരജിസ്റ്ററിൽ

അർഹമായ സബ്സിഡി, അനുവദിച്ച തുക – തിയതി തുടങ്ങിയ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ഫയലിലെ രേഖകൾ പ്രകാരം നിർമ്മാണം പൂർത്തിയാക്കാത്ത രണ്ട് ഗുണഭോക്താക്കൾക്ക് തുക തിരിച്ചടക്കുവാനാവശ്യപ്പെട്ട് 4.11.18 ന് രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ട്.

| പേര് | ലൈഫ് പ്രകാരം അനുവദിച്ച തുക |
|---|---|
| സബീന ഉണ്ണീരംകുന്ന് | 110000 |
| ജമീല ആന്ദ്രാംകുന്ന് | 20000 |

ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുമായി തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-8 പി.എം.എ.വൈ വിഹിതം- വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് - പി.എം.എ.വൈ വിഹിതം 53/18

അടങ്കൽ -120000

ചെലവ് - 120000

ബിൽ നമ്പർ – 2/14.3.2018
നിർവഹണം – വി.ഇ.ഒ

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പി.എം.എ.വൈ വിഹിതമായ 120000 രൂപ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ( 79901140001144 ) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീതിയോ തുക വിനിയോഗിച്ചതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. എത്ര ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് തുക അനുവദിച്ചത് എന്നും വ്യക്തമല്ല.പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും സമയപരിധിക്കകം തുക വിനിയോഗിച്ച് പദ്ധതി പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പദ്ധതി പൂർത്തിയായശേഷം വിനിയോഗരേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്.

# 3-9 ഭവന പുനരുദ്ധാരണം - പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണം - അസി.സെക്രട്ടറി

പ്രൊജക്ട് നം -12/18 (സ്പിൽ ഓവർ)

അടങ്കൽ - 1175000 (പ്ലാൻ)

ചെലവ് - 562500

മേൽ പദ്ധതി പ്രകാരമുള്ള യൂണിറ്റ് കോസ്റ്റ് 25000/-രൂപയാണ്. താഴെ പറയുന്ന ഗുണഭോക്താക്കൾ ഇതിൽ ഒരു ഗഡുവായ 12500/- രൂപ മാത്രം കൈപ്പറ്റി പണി പൂർത്തീകരിച്ചിട്ടില്ല. 23.03.17 നാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശോഭന. പി, വലിയമ്മക്കാവ്, പിരായിരി

2. ഉഷ. സി, തരുവക്കോട്, കല്ലേക്കാട്

3. കണ്ണ, W/o (Late) കറുപ്പൻ, ഉണ്ണീരാംകുന്ന് ഹൗസ്, പിരായിരി

(മേൽ ഗുണഭോക്താവ് മരണപ്പെട്ടു.)

4. ശകുന്തള, W/o കാശു, ദേവസ്വം തൊടി, പാനപ്പറമ്പ്, കൊടുന്തിരപ്പുള്ളി

മേൽ ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു അനുവദിക്കുന്നതിനായി അവശേഷിക്കുന്ന പണികൾ പൂർത്തിയാക്കിയതിന്റെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ 16.03.18 ന് പഞ്ചായത്തിൽ നിന്നും കത്തയച്ചിട്ടുണ്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. പിന്നീട് ഇവർ കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിന് 28.01.19 ന് പഞ്ചായത്തിൽ നിന്നും നോട്ടീസ് അയച്ചതിനും യാതൊരു കാരണവും ബോധിപ്പിച്ചിട്ടില്ല. ആയതിനാൽ പണി പൂർത്തീകരിക്കാത്ത പക്ഷം ഗുണഭോക്താക്കളിൽ നിന്ന് തുക തിരിച്ചുപിടിക്കേണ്ടതാണ്.

# 3-10 പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും- പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 62 സ്പിൽഓവർ ഉൾപ്പെടെ തൻവർഷം 169 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും

100 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. വകയിരുത്തിയ 47238126/- രൂപയിൽ 26149860/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 55.35% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. തൻവർഷം തനതുഫണ്ടിൽ നിന്ന് 1210500/- രൂപ പദ്ധതികൾക്കായി വകയിരുത്തിയെങ്കിലും ഇത് ചെലവഴിച്ചിട്ടില്ല.

3/17 ൽ ടെണ്ടർ ചെയ്ത 26 പ്രവൃത്തികൾ എഗ്രിമെന്റ് വെയ്ക്കാൻ വൈകിയതും ആദ്യ ടെണ്ടർ കരാറുകാർ ബഹിഷ്കരിച്ചതും, സൈറ്റിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കപ്പെടാത്തതും പദ്ധതികൾ നീണ്ടുപോകുന്നതിന് കാരണമാകുന്നുണ്ട്. വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്കും നിർവ്വഹണം നടക്കാൻ സാദ്ധ്യതയുള്ളവയ്ക്കും മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതിനിർവ്വഹണ പുരോഗതി വിലയിരുത്തിക്കാണുന്നുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റെയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്ര ദ്ധിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

- ടെണ്ടർ രജിസ്റ്റർ- ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തിയിട്ടില്ല.

- 2016-17 ലെ എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് ചേർത്തിട്ടില്ല.
- പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
- പ്രവൃത്തി സ്ഥലത്ത് പ്രവൃത്തിയുടെ വിവരങ്ങൾ ചേർത്തിട്ടുള്ള Name Board വെക്കുന്നില്ല.
- കുടിവെള്ള പദ്ധതികളിൽ ഓവർ ഹെഡ് ടാങ്ക് ഉൾപ്പെടുത്തുന്നില്ല.
- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.
- ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ തൻവർഷം തയ്യാറാക്കിയിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കേണ്ടതാണ്.
- പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ ഇതുവരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/25.05.19) മറുപടിയായി അവ പരിഹരിക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്.

# 3-11 സർവീസ് ടാക്സ് അടവാക്കിയ രശീതി ഹാജരാക്കിയിട്ടില്ല തുക തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ ഫൈനൽ ബിൽ നൽകുമ്പോൾ സർവീസ് ടാക്സ് ഉൾപ്പെടെയാണ് കൺവീനർമാർക്ക് തുക നൽകിയിട്ടുള്ളത്. എന്നാൽ സർവീസ് ടാക്സ് അടവാക്കിയ രശീതി ഹാജരാക്കിയിട്ടില്ല. സർവീസ് ടാക്സ് നാളിതുവരെ അടവാക്കി രശീതി ഹാജരാക്കിയിട്ടില്ലെങ്കിൽ ഈയിനത്തിൽ കൺവീനർമാർക്ക് നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി | കൺവീനർ | സർവീസ് ടാക്സ് നൽകിയത് | ബിൽ നം./ തീയതി / തുക |
|---|---|---|---|---|
| 1 | പുതുക്കുളങ്ങര തുടർവിദ്യാകേന്ദ്രം അറ്റകുറ്റപണി, 164/18 | ദേവദാസ് | 9112 | 14/30.06.17-200000/- |
| 2 | GLP സ്കൂൾ പിരായിരി അറ്റകുറ്റപ്പണി, 170/18 | പ്രദീപ്.ജി. നായർ | 45136 | 17/20.07.17-475000/- |
| 3 | കല്ലേക്കാട് സബ്സെന്റർ ചുറ്റുമതിൽ നിർമ്മാണം, 169/18 | മുകുന്ദൻ | 9502 | 18/20.07.17-100000/- |
| 4 | പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കിണർ റിപ്പയർ, 173/18 | ഷഹ്ദർ അഹമ്മദ് | 43615 | 20/20.07.17-343410/-<br>27/14.11.17-115590/- |
| 5 | ആലയ്ക്കൽ പറമ്പ് ഉണ്ണീരാംകുന്ന് സബ്സെന്റർ അറ്റകുറ്റപ്പണി, 168/18 | ഇബ്രാഹിം | 45136 | 26/14.11.17-266355/-<br>64/15.2.18-208645/- |
| 6 | GLP സ്കൂൾ കൊടുന്തിരപ്പിള്ളി അറ്റകുറ്റപ്പണി , 168/17 | കെ.നൗഷാദ് | 45135 | 24/14.11.17-475000/- |
| | ആകെ | | 197636 | |

തുക അടവാക്കിയ വിവരം അറിയിക്കുന്നതു വരെ സർവീസ് ടാക്സ് ഇനത്തിൽ നൽകിയ തുക 197636/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/25.05.19) മറുപടിയായി തുക അടവാക്കിയതിന്റെ രശീതി ഹാജരാക്കാത്ത പക്ഷം കൺവീനർമാരിൽനിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

# 3-12 ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തികൾ - നിയമപ്രകാരമുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ സ്പിൽ ഓവർ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗുണഭോക്തൃസമിതികൾ മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇവയിൽ താഴെ പറയുന്ന പൊതു അപാകതകൾ കാണുന്നു.

1. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/ത.സ്വ.ഭ.വ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.03.13-ലെ സർക്കുലർ നം. HD/EE/ LSGD/12/13 എന്നിവ പ്രകാരം തുടർന്ന് മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. പല

പ്രവർത്തികളുടെയും കാഷ്/പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൺവീനർമാർ ആരുംതന്നെ പണി നടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ല.

2. വർക്ക് ഫയലിനോടൊപ്പം, സൂക്ഷിച്ചിരിക്കുന്ന എഗ്രിമെന്റുകൾ മിക്കവയിലും രേഖപ്പെടുത്തൽ പൂർണ്ണമല്ല. പലതിലും ഗുണഭോക്തൃസമിതിയിലെ അംഗങ്ങൾ ഒപ്പു വെച്ചിട്ടില്ല. ഗുണഭോക്തൃസമിതിയുടെ മിനുട്ട്സ് ബുക്കുകളിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമല്ല. (ഓരോ ഇനം പ്രവൃത്തിയുടെ അളവ്, നിരക്ക്, പ്രവൃത്തി പൂർത്തീകരണത്തിന്റെ സമയക്രമം, പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികളുടെ അളവ്, തൊഴിലാളികളുടെ എണ്ണം, വൗച്ചറുകൾ, വരവ്-ചെലവ് കണക്കുകൾ പാസ്സാക്കിയതിന്റെ വിവരം, പദ്ധതി നിർവ്വഹണം അവലോകനം നടത്തിയതിന്റെ രേഖകൾ തുടങ്ങിയവ). കൺവീനർ മുഖേന നടത്തുന്ന പ്രവർത്തികൾക്ക് യന്ത്രോപകരണങ്ങളുടെ വാടകയുടെ കാഷ്ബിൽ, സാധനസാമഗ്രികളുടെ പർച്ചേസ് ബിൽ തുടങ്ങിയവ ഫയലിൽ സൂക്ഷിക്കണം എന്ന വ്യവസ്ഥയുണ്ട്. എന്നാൽ പല പ്രവർത്തികളുടെയും ഫയലിൽ പർച്ചേസ് ബില്ലുകൾ പൂർണ്ണമായും ലഭ്യമല്ല. മാത്രമല്ല, സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തികളിൽ നിന്നായാലും സ്ഥാപനങ്ങളിൽ നിന്നായാലും സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തിയതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ലോ രശീതിയോ വേണം. സിമന്റ്,കമ്പി,ബിറ്റുമിൻ തുടങ്ങിയ സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ. അവ കൂടി പരിശോധിച്ചതിനു ശേഷം വേണം ഫൈനൽ ബിൽ നൽകേണ്ടത്.

3. പണമിടപാടുകൾ ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ. എന്നാൽ കൺവീനറുടെ പേരിൽ മാത്രമുള്ള ബാങ്ക് അക്കൗണ്ടിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നിട്ടും നിലവിലും അവ പരിഹരിക്കപ്പെട്ടിട്ടില്ല എന്നുള്ളത് നിർവ്വഹണാധികാരികളുടെ വീഴ്ചയാണ്. ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/25.05.19) മറുപടി, ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കുന്നതാണ് എന്നു മാത്രമാണ്. ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ഇല്ല.

അതാത് കാലയളവിലെ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പദ്ധതിനിർവ്വഹണം നടത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-13 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

2016-17ലും അതിനു മുൻപും വർഷങ്ങളിൽ അംഗീകരിച്ചിട്ടുള്ളതും 2017-18 ൽ സ്പിൽ ഓവർ ആയി അംഗീകാരം ലഭ്യമായിട്ടുള്ളതുമായ 62 പ്രവൃത്തികളിൽ 27 എണ്ണത്തിൽ മാത്രമേ തൻവർഷം ചെലവു ബിൽ സമർപ്പിച്ചിട്ടുള്ളൂ. 35 എണ്ണത്തിൽ 2017-18 ലും ബിൽ സമർപ്പിച്ചിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അവ സ്പിൽ ഓവർ ആയ വർഷം പൂർത്തീകരിക്കാതിരുന്നത് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്. 13-ാം പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് ഒരു പ്രവൃത്തി സ്പിൽ ഓവർ ആയാൽ അത് സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കണമെന്നുണ്ട്. ഈ നിർദ്ദേശം പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല. ഈ പ്രൊജക്റ്റ്കളുടെ നിലവിലെ സ്ഥിതി, ഈ പ്രൊജക്റ്റുകൾ 2018-19 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ, ഇവ ഉപേക്ഷിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കാരണം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/25.05.2019) നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടി പ്രകാരം 55 എണ്ണം 2018-19 ഓടെ പൂർത്തീകരിച്ചിട്ടുണ്ട് എന്നും 7 എണ്ണം ഉപേക്ഷിച്ചു (കാരണം സൂചിപ്പിച്ചിട്ടില്ല) എന്നും പ്രൊജക്റ്റ് നം. 124/18 - 3, 11 വാർഡുകളിൽ ഗ്രാമകേന്ദ്രം രൂപീകരണം, പ്രൊജക്റ്റ് നം. 174/18 – പകൽ വീടുകൾ നിർമ്മാണം, പ്രൊജക്റ്റ് നം. 172/18- പുതുകുളങ്ങര അങ്കണവാടി കെട്ടിടനിർമ്മാണം എന്നിവ ഡിപിസി അംഗീകാരം ലഭ്യമല്ലാത്തതിനാൽ ഉപേക്ഷിച്ചു എന്നും മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണസാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- പ്രൊജക്റ്റുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- മറ്റു വകുപ്പുകളിൽ നിന്നും അനുമതി, NOC, ഫീസിബിലിറ്റി മുതലായവ ലഭ്യമാക്കേണ്ട പ്രവൃത്തികളിൽ പ്രൊജക്റ്റ് രൂപീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതോടൊപ്പം തന്നെ ആയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നിർവ്വഹണം നടക്കുമെന്നുറപ്പുള്ള പദ്ധതികൾ മുൻഗണനാക്രമത്തിൽ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാൻഡിംങ്ങ് കമ്മിറ്റി പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം നടത്തേണ്ടതും പൊതുമരാമത്ത് വർക്കിംങ്ങ് ഗ്രൂപ്പ്, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവൃത്തി പൂർത്തീകരണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുമാണ്.

## 3-14 വർക്ക് ഫയൽ, അളവു പുസ്തകം,ചെലവു രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല -ചെലവു തുക തടസ്സപ്പെടുത്തുന്നു

ട്രഷറി ബിൽ ബുക്ക പ്രകാരം ബിൽനം. 09/30.06.17 വഴി 65883/- രൂപ ചരപ്പറമ്പ് കൊട്ടന്തിരപ്പിള്ളി റോഡ് ഡ്രെയിനേജ് പ്രവൃത്തിക്കായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ വർക്ക് ഫയൽ, അളവു പുസ്തകം, ചെലവു രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവിന്റെ കൃത്യത ഉറപ്പു വരുത്താനായില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/27.05.19) മറുപടിയായി ഫയൽ കണ്ടെടുത്ത് പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ ചെലവു തുക 65883/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-15 ബിറ്റുമിൻ ബാരൽ വില ഈടാക്കേണ്ടതാണ്

2016-17വർഷത്തെ (17-18 സ്പിൽ ഓവർ) റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്വയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ കാലി ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ ഉണ്ണീരാംകുന്ന് എറയപൊറ്റ റോഡ് ടാറിംഗ് പ്രവൃത്തിയിൽ(132/17) ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഉപയോഗിച്ച ബാരലിന്റെ വില കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ സൂചിപ്പിക്കുന്നു.

പ്രൊജക്റ്റ് നം. -132/17

അടങ്കൽ -300000/-

കരാറുകാരൻ - അനന്തകൃഷ്ണൻ

നിർവ്വഹണോദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

ബിൽനം.- 83/17.03.2018 - 299644/-

അളവുപുസ്തകം - 154/17-18

അളവുപുസ്തകം പേജ് 18 പ്രകാരം ബിറ്റുമിന്റെ ആവശ്യകത കണക്കാക്കിയതിന്റെയും കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലിന്റെയും അടിസ്ഥാനത്തിൽ ബാരലിന്റെ എണ്ണം കണക്കാക്കിയത് ചുവടെ ചേർക്കുന്നു.

| ക്രമനം. | ബിറ്റുമിൻ ഇനം | ബാരലിലുള്ള അളവ്-Kg | ഉപയോഗിച്ച അളവ്- Kg | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | SS1 | 181.72 | 413.82 | 2.273 |
| 2. | RSI | 228.3525 | 228.3525 | 1.256 |
| 3. | VG30 | 156 | 2141.439 | 13.727 |
| | ആകെ | | | 17.256 |

ആകെ കാലി ബാരലിന്റെ വില – 17.256*250 = 4314/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/25.05.19) തുക ഈടാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

# 3-16 ഇളയമ്മക്കാവ് റോഡ് വെള്ളച്ചാൽ നിർമ്മാണം പ്രവൃത്തി ലക്ഷ്യം കൈവരിച്ചില്ല

ഇളയമ്മക്കാവ് റോഡ് വെള്ളച്ചാൽ നിർമ്മാണം (127/17) പ്രവൃത്തിയിൽ 400000/- രൂപ വകയിരുത്തി 50മീ. നീളത്തിൽ ഡ്രെയിനേജ് കൺസ്ട്രക്ഷൻ, റോഡ് നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഫൈനൽ ബില്ലിൽ (ബിൽ നം.-19/20.07.17-190116/-), അളവുപുസ്തകം(214/16-17) എന്നിവ പ്രകാരം റോഡ് നിർമ്മാണം മാത്രമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തിയിൽ വന്ന വ്യതിയാനം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വിശദീകരണ സഹിതം അംഗീകരിച്ചിട്ടില്ല. വർക്ക് സ്ലിപ്പിലും വ്യതിയാനത്തിന് കാരണം രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/25.05.19) മേൽ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരുന്ന ഡ്രെയിനേജ് നിർമ്മാണം സ്ഥലം വിട്ടുകിട്ടാത്തതിനാലാണ് ഒഴിവാക്കിയത് എന്നും റിവൈസ്ഡ് എസ്റ്റിമേറ്റിലും വർക്ക് സ്ലിപ്പിലും വ്യതിയാനത്തിന് കാരണം രേഖപ്പെടുത്തി ഭാവിയിൽ സൂക്ഷിക്കുന്നതാണ് എന്നുമാണ്. പദ്ധതി ആസൂത്രണത്തിലെ പാളിച്ച മൂലമാണ് പ്രവൃത്തി ലക്ഷ്യം കൈവരിക്കാതിരുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണസാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാൻഡിംങ്ങ് കമ്മിറ്റി പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം നടത്തേണ്ടതും പൊതുമരാമത്ത് വർക്കിംങ്ങ് ഗ്രൂപ്പ്, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും

പ്രവൃത്തി പൂർത്തീകരണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുമാണ്

# 3-17 പ്രവൃത്തികളുടെ പൂർത്തീകരണം വർഷങ്ങളോളം നീണ്ടുപോകുന്നത് ഒഴിവാക്കേണ്ടതാണ്.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഒരു വർഷത്തിലധികം എടുത്തിട്ടുള്ളതായി കാണുന്നു.

1. 2016-17 വർഷത്തെ 22.3.17 ന് ടെണ്ടർ ചെയ്തിട്ടുള്ള 26 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ടെണ്ടർ 24.3.17 ലെ 9-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട് . എന്നാൽ ഈ പ്രവൃത്തികളുടെ എഗ്രിമെന്റ് വെച്ചിരിക്കുന്നത് 07.06.17 ന് ആണ്. ഇതിൽ ഒരു പ്രവൃത്തി മാത്രമേ 2017-18 ൽ പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുള്ളൂ. ഈ ഫയൽ പ്രകാരം സെലക്ഷൻ നോട്ടീസ് നൽകിയിട്ടില്ല.

2. 7.8.15 ന് എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ള ചേങ്ങോട് തോട്ടിൻപള്ള കുടിവെള്ള പദ്ധതിയിൽ(15-16) കുഴൽകിണർ കുഴിച്ച് yeild test(10.03.16) നടത്തിയിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനങ്ങളൊന്നും തൻ വർഷം നടപ്പിലാക്കിയിട്ടില്ല. ഇതിനു ശേഷം വെള്ളം കുറവായതിനാൽ രണ്ടാമത്തെ കുഴൽകിണർ കുഴിക്കുന്നതിന് തീരുമാനമെടുക്കുന്നത് 27.2.17 നു മാത്രമാണ്. പദ്ധതി നടപ്പിലാക്കുന്നതിന് ഇത്രയും കാലതാമസം വന്നതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈപ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അസി. എക്സി. എഞ്ചിനീയർ അംഗീകരിച്ചിട്ടില്ല.

3. 19.02.15 ന് എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ള കൊടുന്തിരപ്പിള്ളി പ്രദേശത്ത് ബോർവെൽ കുഴിച്ച് മോട്ടോർ സ്ഥാപിക്കൽ പദ്ധതിയിൽ (2014-15) ആദ്യത്തെ രണ്ടു കുഴൽ കിണർ കുഴിച്ച് ജലലഭ്യത ഇല്ലാത്തതിനാൽ 30.03.16 നകം 3-ാം കുഴൽ കിണർ കുഴിച്ചിട്ടുണ്ട്. എന്നാൽ KSEB ചാർജസ് അടവാക്കുന്നത് 15.03.17 നു മാത്രമാണ്.

പദ്ധതി നടപ്പിലാക്കുന്നതിന് ഇത്രയും കാലതാമസം വന്നതിനു വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/27.05.19) മറുപടിയായി ക്രമനം.1 ൽ ബിററുമിൻ വാങ്ങുന്നതു സംബന്ധിച്ച സംശയം മൂലമാണ് എഗ്രിമെന്റ് വെക്കാൻ വൈകിയത് ഇതിന് പിഴ ഈടാക്കിയിട്ടുണ്ട് എന്നും ക്രമനമ്പർ 2,3 എന്നിവയിൽ വെള്ളം കുറവായതിനാൽ രണ്ടാമത്തെ കുഴൽകിണർ കുഴിക്കുന്നതിന് ഭരണസമിതി തീരുമാനം ലഭിക്കുന്നതിന് കാലതാമസം വന്നു എന്നുമാണ്. കൂടാതെ ക്രമനം. 2 ജല ലഭ്യത ഇല്ലാത്തതിനാൽ ഉപേക്ഷിച്ചു എന്നുമാണ്.

ഓഡിറ്റ് നിർദ്ദേശം

- പ്രൊജക്റ്റുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- പ്രവർത്തികളുടെ നിർവ്വഹണം മോണിറ്ററിംഗ് സമിതി നിരീക്ഷിച്ച് ഭേദഗതികൾ ആവശ്യമെങ്കിൽ കാലതാമസം കൂടാതെ നിർദ്ദേശം നൽകേണ്ടതുമാണ്.
- കുടിവെള്ള പദ്ധതികൾ പോലെ അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾ അനാവശ്യമായ കാലതാമസം ഒഴിവാക്കി പൂർത്തീകരിക്കേണ്ടതാണ്.

# 3-18 പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)72/2017 ത.സ്വ.ഭ.വ. തിയതി 29.3.2017 പ്രകാരം തദ്ദേശ ഭരണ സ്ഥാപനം സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾകൊണ്ട് കൊണ്ട് പൗരാവകാശ രേഖ, സേവനാവകാശ നിയമം, അറിയാനുള്ള അവകാശം എന്നിവ പരിഗണിച്ചു കൊണ്ട് ഒരു സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. രേഖകളുടെ സൂക്ഷിപ്പ്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഇ-ഗവേണൻസ് എന്നിവ ഇതിന്റെ ഭാഗമാക്കണം. ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് തൻവർഷമോ 2018-19,2019-20 വർഷങ്ങളിലോ പ്രൊജക്ററിന് തുക വകയിരുത്തിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/27.5.19)നൽകിയ മറുപടിയിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് പ്രാരംഭ നടപടിയായി 16.01.18 ന് ക്വാളിറ്റി സർക്കിൾ രൂപീകരിച്ച് യോഗം ചേർന്നു, പൗരസർവ്വേ രൂപീകരിച്ചു, ഫയൽ സോർട്ടിംഗും ഇന്റേണൽ ഓഡിറ്റിംഗും പൂർത്തീകരിച്ചിട്ടുണ്ട് എന്നും കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടങ്കിലും അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട് എന്നും 2017-18, 2018-19, 2019-20 വർഷങ്ങളിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷനായി തുക വകയിരുത്തിയിട്ടില്ല എന്നുമാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ,സേവനങ്ങൾ എന്നിവ ധനകാര്യ സ്റ്റാൻഡിംങ്ങ് കമ്മിറ്റി മോണിറ്റർ ചെയ്യേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംങ്ങ് കമ്മിറ്റി, വികസനകാര്യ സ്റ്റാൻഡിംങ്ങ് കമ്മിറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം.18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം

പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

# 3-19 സാക്ഷരതാപ്രേരകിന്റെ വേതനം -മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും സാക്ഷരതാ പ്രേരകിന്റെ വേതനം മുൻകൂറായി അനുവദിച്ചിട്ടുണ്ട് . 2016-17 നൽകിയ 92814/-രൂപയും 2017-18ൽ അനുവദിച്ച 36000/- രൂപയും ഉൾപ്പെടെ ആകെ 128814/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. നാളിതുവരെ സാക്ഷരതാമിഷനിൽ നിന്നും ഫണ്ട് ലഭ്യമാക്കി മുൻകൂർ ക്രമീകരിച്ചിട്ടില്ല. തനത് ഫണ്ടിൽ നിന്നും താൽക്കാലികമായി അനുവദിക്കുന്ന മുൻകൂറുകൾ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുൻപ് ക്രമീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സാക്ഷരതാമിഷനിൽ നിന്നും മുൻകൂർ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-20 എസ്.എസ്.എ പദ്ധതി - വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്

സാമ്പത്തിക വർഷം എസ്.എസ്.എ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുകകൾ BRC, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. പദ്ധതികളുടെ ചെലവ് വിനിയോഗം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ സമയബന്ധിതമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| പ്രൊജക്റ്റ് നമ്പർ | ബിൽ നം/തീയതി | തുക |
|---|---|---|
| 37/18 (ജനറൽ) | 9/10.0817 | 292479 |
| 38/18 (എസ്.സി.പി) | 10/10.08.17 | 200000 |

# 3-21 അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ

പിരായിരി ഗ്രാമപഞ്ചായത്തിൽ ആകെ 41 അങ്കണവാടികളുണ്ട്. ഇതിൽ പല അങ്കണവാടികൾക്ക് ആവശ്യമായ സൗകര്യങ്ങളില്ല. പരിമിതമായ സൗകര്യങ്ങൾ ഉള്ള അങ്കണവാടികളുടെ എണ്ണം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | വൈദ്യുതീകരിക്കാത്തവ | 1<br>(സെന്റർ 50 – മൊഴിപുലം |

| | | |
|---|---|---|
| | | അങ്കണവാടി) |
| 1 | സ്വന്തം കെട്ടിടമില്ലാത്തത് | 21 |
| 2 | കോൺക്രീറ്റ് കെട്ടിടമില്ലാത്തത് | 2 |
| 3 | വാട്ടർകണക്ഷൻ ഇല്ലാത്തത് | 6 |
| 4 | മേൽക്കൂര - ഷീറ്റ് | 1<br>(സെന്റർ 82 – ലക്ഷം വീട് കോളനി -) |
| 5 | ചുറ്റുമതിൽ ഇല്ലാത്തത് | 8 |

2017-18 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് ഐ.സി.ഡി.എസ്. പദ്ധതികൾക്കായി ലഭിച്ച കേന്ദ്ര വിഹിതത്തിൽ 1064450/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

സർക്കുലർ നമ്പർ 39033/ഡി.സി.2/2 ത.സ്വ.ഭ.വ തിയതി 3-9-2010 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്നും നിർദ്ദേശമുണ്ട്.
ഓഡിറ്റ് ടീം ഗ്രാമപഞ്ചായത്ത് എ.ഇ. യുടെ സാന്നിദ്ധ്യത്തിൽ 25.5.19 ന് നടത്തിയ സ്ഥലപരിശോധയിൽ കാട്ടൂർ അങ്കണവാടി കെട്ടിടം പരിശോധിച്ചു. കെട്ടിടത്തിൽ 2018 വർഷത്തിൽ മെയിന്റനൻസ് പ്രവർത്തികൾ നടത്തിയിട്ടുണ്ടെങ്കിലും നിലവിൽ ഭിത്തികൾ പൊളിഞ്ഞ് കെട്ടിടം അപകടാവസ്ഥയിലാണ്. കെട്ടിടത്തിന്റെ ഫിറ്റ്നസ് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2018-19 ൽ ഒരു അങ്കണവാടിയും എ.ഇ. പരിശോധിക്കുകയോ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല. അങ്കണവാടികെട്ടിടങ്ങൾ പരിശോധിച്ച് ഉപയോഗയോഗ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ശരിയായ പരിശോധന നടത്തി യഥാർത്ഥത്തിൽ ഫിറ്റ്നസ് ഉള്ളവക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുന്നുള്ളൂ എന്നുകൂടി ഉറപ്പുവരുത്തേണ്ടതാണ്. ലഭ്യമായ ഫണ്ട് ചെലവഴിക്കുന്നതിനും അങ്കണവാടികൾക്ക് ആവശ്യമായ ഭൗതികസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഭരണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.
അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കേണ്ടതും ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | പാലിന് സബ്സിഡി | 400000 | 0 |
| | 2017-18 | 1085000 | ഉഴവ്കൂലി | 1085000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | പാലിന് സബ്സിഡി | 50000 | 0 |
| | | 1550000 | ഉഴവ് കൂലി | 0 | 1550000 |
| | | 1123740 | ലൈഫ് | 0 | 1123740 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB, മേലാമുറി സെക്ഷൻ | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ വലിച്ച് തെരുവ് | 6/30.12.18<br>23/9.02.18 | 395452<br>154187 | വിനിയോഗ വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | വിളക്ക് സ്ഥാപിക്കൽ | | | | |
| ടി | വിവിധ വാർഡുകളിലെ എസ്.സി കോളനികളിൽ വൈദ്യുതി ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 24/9.02.18 | 234096 | ടി | ടി |
| KWA, PH സെക്ഷൻ, പാലക്കാട് | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 18/28.01.18 | 500000 | ടി | ടി |
| ടി | വിവിധ വാർഡുകളിലെ എസ്.സി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 17/22.01.18 | 783000 | ടി | ടി |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| | | | | | |
|---|---|---|---|---|---|

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | 957/10 തസ്വഭവ തിയതി, 20.3.10 | 16092000 | 3689475 | 1567521 | - | 2121954 |

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000(ഓഹരി) |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 0 |
| ആകെ | 1000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായുള്ള മൃഗസംരക്ഷണമേഖലയെ സംബന്ധിച്ച പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിൽ പിരായിരി ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിലെ പരാമർശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. വിഷയം നാളിതുവരെ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല.

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 92381526 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81530598 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4314/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 263519 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

| | | | |
|---|---|---|---|
| 3-15 | | 4314/- | ശ്രീ.ദേവപ്രസാദ്.പി.എം<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 197636 | 9112 – ശ്രീലക്ഷ്മി.എം.ജി<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>54638- ശ്രീമതി.ജയശ്രീ.എം<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>133887- ശ്രീ.ദേവപ്രസാദ്.പി.എം<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | 65883/ | ശ്രീലക്ഷ്മി.എം.ജി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 263519 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജയശ്രീ.എം<br>അസിസ്റ്റന്റ് എഞ്ചിനിയർ | എൽ.എസ്.ജി.ഡി വിഭാഗം, കോട്ടയം | ചെമ്പിലാവിൽ, വട്ടുകുളം, കടപ്പൂര, കോട്ടയം |

| | | |
|---|---|---|
| ശ്രീമതി.ശ്രീലക്ഷ്മി..എം.ജി<br>അസിസ്റ്റന്റ് എഞ്ചിനിയർ | എൽ.എസ്.ജി.ഡി വിഭാഗം, ആലപ്പുഴ | ഓണംപള്ളിൽ തെക്കേതിൽ<br>നെല്ലിമുക്ക്, കൊല്ലം - 691509 |
| ശ്രീ.ദേവപ്രസാദ്.പി.എം<br>അസിസ്റ്റന്റ് എഞ്ചിനിയർ | പിരായിരി ഗ്രാമപഞ്ചായത്ത് | ദേവാഞ്ജലി<br>ഹിൽവ്യൂ നഗർ<br>പുതുപ്പരിയാരം- 678731 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF.P12/904/05/20.01.06 | ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് |
| 1997-98 | LF.P12/42/06/19.04.06 | ഓഡിറ്റ് തടസ്സം സംബന്ധിച്ച് |
| 1998-99 | LF.P7/756/01/15.07.06 | ഫർദർ റിമാർക്സ് |
| 1999-00 | LF.P12/462/09/12.06.09 | ചാർജ്/സർചാർജ് സംബന്ധിച്ച് |
| 2000-01 | LF.P12/1396/05/04.01.06 | ഓഡിറ്റ് റിപ്പോർട്ട് |
| 2001-02 | LF.P12/1631/07/05.04.08 | ഫർദർ റിമാർക്സ് |
| 2002-03 | LF.P12/558/06/09.10.06 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LF.P14/1405/13/22.10.13 | സെക്രട്ടറിയുടെ ബാദ്ധ്യത |
| 2004-05 | LF.P17/1074/10/01.12.10 | ഫർദർ റിമാർക്സ് |
| 2005-06 | LF.P17/1074/10/01.12.10 | ഫർദർ റിമാർക്സ് |
| 2006-07 | LF.P17/1068/10/19.11.10 | ഫർദർ റിമാർക്സ് |
| 2007-08 | LF.P17/1032/11/14.12.11/05.06.12 | ഫർദർ റിമാർക്സ് |
| 2008-09 | LF.P17/1032/11/14.12.11/05.06.12 | ഫർദർ റിമാർക്സ് |
| 2009-10<br>2010-11<br>2011-12 | LF.P17/2763/13/06.01.14 | ഫർദർ റിമാർക്സ് |
| | | |

| | | |
|---|---|---|
| 2012-13 | എൽ എഫ് പി 17/390/2015 /2-5-15 | ഫർദർ റിമാർക്സ് |
| 2013-14 & 2014-15 | നം. കെ.എസ്.എ-പികെഡി-17/1427/16 തിയ്യതി:8.8.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി.17-228-17/08.02.17 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ-പികെഡി 17-1174/2017/26.07.2017 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം- 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1) താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) വസ്തു നികുതി: തൻവർഷ ബാലൻസ് തുകകൾ, അരിയർ ഡിമാന്റ്, അരിയർ ബാലൻസ് തുകകൾ എന്നിവ സാംഖ്യയിലും സഞ്ചയയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

3) താഴെ പറയുന്ന നികുതി: നികുതിയേതര വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല.

- തൊഴിൽനികുതി
- ബിൽഡിംഗ് പെർമിറ്റ്
- ഡി&ഒ ലൈസൻസ്
- വെള്ളക്കരം

4) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളിൽ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ (വർക്ക്ഷീറ്റ്) പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5) തനത് ഫണ്ടിനോടൊപ്പം നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6) മൂന്ന് മാസത്തിലധികമായിട്ടും എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. (ചെക്ക് നമ്പർ - 43226/27.9.2014 –Rs 2000/-).

7) ബാലൻസ് ഷീറ്റ് പ്രകാരം 1000/- രൂപ ഇൻവെസ്റ്റ്മെന്റ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതിനം നിക്ഷേപമാണെന്ന് വ്യക്തമല്ല. ഭൗതിക പരിശോധനക്ക് ഹാജരാക്കിയില്ല.

8) ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി വൈദ്യുതി ബോർഡിലും ജലഅതോറിറ്റിയിലും തൻവർഷം തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. ഇവ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ ഡെപ്പോസിറ്റ് തുക Advance to implementing officers എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

9) തൻവർഷ കുടിശ്ശിക തുകകൾക്ക് I & E അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം - 2</u> <u>വാർഷിക പത്രികകൾ</u>

| | | | |
|---|---|---|---|
| Receipt & Payment | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule | Amount |

| | | No | |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 12496769.00 |
| Cash | Cash | RP-40(a) | 139201.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2942880.00 |
| 130000000 | Rental income from Panchayat Properties | RP-3 | 770500.00 |
| 140000000 | Fees & User Charges | RP-4 | 977605.00 |
| 150000000 | Sale & Hire Charges | RP-5 | 235828.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 58699190.00 |
| 171000000 | Interest Earned | RP-9 | 300326.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8027769.00 |
| 350000000 | Other Liabilities | RP-36 | 143954.00 |
| | **Non Operating** | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 0.0 |
| 340000000 | Deposits Received | RP-34 | 652982.00 |
| 341000000 | Deposit Works | RP-35 | 108288.00 |
| 350000000 | Other Liabilities | RP-36 | 378300.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6013693.00 |
| 460000000 | Loans, Advances and Deposits | RP-47 | 494241.00 |
| | **Grand total** | | **92381526.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3135311.00 |
| 220000000 | Administrative Expenses | RP-12 | 1438166.00 |
| 230000000 | Operations & Maintenance | RP-13 | 5742880.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7768560.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 12381026.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 881002.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 236071.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1060480.00 |
| 255000000 | Maintenance Projects | RP-20 | 23063322.00 |
| 280000000 | Prior Period item | RP-26 | -159838.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 39614.00 |
| 350000000 | Other Liabilities | RP-36 | 4991296.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 3657.00 |
| 280000000 | Prior Period Item | RP-26 | -2450.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 546005.00 |
| 341000000 | Deposit Works | RP-35 | 103588.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 2202834.00 |
| 410000000 | Fixed Assets | RP-38 | 4212155.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 13011824.00 |
| 460000000 | Loans, Advances and Deposits | RP-47 | 875095.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 10624667.00 |
| Cash | Cash | RP-40(b) | 226261.00 |
| | **Grand Total** | | **92381526.00** |

**Pirayiri Grama Panchayat**
**INCOME & EXPENDITURE STATEMENT**

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 8330561.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 770500.00 |
| 140000000 | Fee & User Charges | I-4(b) | 1234893.00 |
| 150000000 | Sale & Hire Charges | I-5(b) | 235828.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 129272507.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 300326.00 |
| 180000000 | Other Income | I-9 | 0.0 |
| | **Total Income** | | **140144615.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 8881239.00 |
| 220000000 | Administrative Expenses | I-11(b) | 1438366.00 |
| 230000000 | Operations & Maintenance | I-12(b) | 6005309.00 |
| 240000000 | Interest & Finance Charges | I-13 | 3657.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13460105.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 23977032.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 881002.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 236071.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 59531280.00 |
| 255000000 | Maintenance Projects | I-14(e) | 23063322.00 |
| 272000000 | Depreciation | I-17(a) | 1825309.00 |
| | **Total Expenditure** | | **139302692.00** |
| | **Gross Surplus/ Deficit of income over Expenditure** | | **841923.00** |
| | | | |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | -1534636.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **2376559.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| | **Pirayiri Grama Panchayat BALANCE SHEET** | | |
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 18246385.45 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 28310756.00 |
| | **Total Reserve & Surplus** | | **46557141.45** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6071637.00 |
| | **Total Grants, Contributions for Specific Purposes** | | **6071637.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 2122254.00 |
| | **Total Loans** | | **2122254.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 893528.00 |
| 341000000 | Deposits Works | B-8 | 4700.00 |
| 350000000 | Other Liabilities | B-9 | 748085.55 |
| | **Total Current Liabilities and Provisions** | | **1646313.55** |
| | **TOTAL LIABILITIES** | | **56397346.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 27859148.00 |
| 411000000 | Accumulated Depreciation | B-11 | -1825309.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **26033839.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1000.00 |
| | **Total Investments** | | **1000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 17225711.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -244754.00 |
| 440000000 | Pre-paid Expenses | B-16 | 2121954.00 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 10850928.00 |
| 460000000 | Loand, Advances and Deposits | B-18 | 408668.00 |
| | **Total Current Assets, Loans and Advances** | | **-244754.00** |
| | **Total Current Assets, Loans and Advances** | | **30607261.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **56397346.00** |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**